PROCEEDINGS OF THE TRAVANCORE-COCHIN
LEGISLATIVE ASSEMBLY

THIRD SESSION—1951.

Monday, *the 2nd April 1951*

VOL. III] OFFICIAL REPORT [No. 19

The Assembly met in the Legislative Chamber, Trivandrum, at Eleven of the Clock, on Monday, the 2nd April 1951, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The numbers within brackets indicate the serial numbers in the list of admitted questions for the day)

Oral Answers

CABINET

*1190. [1] **Sri. D. Gnanasigamoni:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether any direction has been received from the Centre to expand the Cabinet with a view to include a Cochinite: and

(*b*) whether it is true that Cochin M. L. As. have threatened to resign in the event of one of them not being taken into the Cabinet ?

Chief Minister **(Sri. C. Kesavan):**

(*a*) and (*b*) No.

Sri. D. Gnanasigamoni: So are we to understand that no outside influence was brought on the leader in regard to the composition of the Cabinet ?

Sri. C. Kesavan: No outside influence.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കൂബ്രിനറെ വികസിപ്പിക്കുകയൊ പുതുക്കുകയൊ ചെയ്യണമെന്നു പറയുവാൻ ഇൻഡ്യാ ഗവൺമെണ്ടിനു് അധികാരമുണ്ടോ ?

Sri. C. Kesavan: They have absolutely no right.

ശ്രീ. എം. ഐ. പോൾ: കൊച്ചിയിലെ എം. എൽ. എ.മാർ രാജിവച്ചതു് ഗവൺമെണ്ടിനോടുള്ള പ്രതിഷേധംകൊണ്ടു് ഒരു ഭീഷണിയായിട്ടുകൂടിയല്ല ?

Sri. C. Kesavan: That is a question which I cannot answer.

ശ്രീ. ഇട്ടീര അച്യുക്കൻ: കൊച്ചി എം. എൽ. എ.മാർ ഇതെങ്കിലും രാജിവച്ചിട്ടുണ്ടോ ?

ശ്രീ. സി. കേശവൻ: ആരും രാജിവച്ചിട്ടില്ല.

Sri. K. P. Nilakanta Pillai: May I know whether this matter of the formation of the Cabinet was the subject of talks when Mr. V. P. Menon and Mr. Gautam came here ?

Sri. C. Kesavan: Mr. Gautam was here to discuss matters connected with the working of the Parliamentary Party.

Sri. K. P. Nilakanta Pillai: Had Mr. V. P. Menon nothing to do with it?

Sri. C. Kesavan: Nothing to do with it officially.

LIBRARY ARCHIVES Kerala Legislative Assembly

Sri. K. P. Nilakanta Pillai: Then why did he come here?

Sri. C. Kesavan: He might have had many matters to discuss with this Government.

ഡിലിമിറേഷൻ കമ്മിറ്റി

*൧൧൯൫. (൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി സഭയെ മറുപടി പറയുമോ.—

(എ) ഡിലിമിറേഷൻ കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ചു് ഗവണ്മെന്റിനു് എത്ര ചെലവുവന്നിട്ടുണ്ടു് ;

(ബി) ഡിലിമിറേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടു് പാർലമെന്ററി കമ്മിറ്റി പരിശോധിച്ചതു സംബന്ധിച്ചു് ഗവണ്മെന്റിലേക്കു വല്ല ചെലവും ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(സി) ഡിലിമിറേഷൻ കമ്മിറ്റി റിപ്പോർട്ടിൽ ഇവിടത്തെ ക്യാബിനറ്റു് വല്ല വ്യത്യാസവും വരുത്തിയോ ; വരുത്തിയെങ്കിൽ പൊതുജനപ്രതിനിധികളോടു് ആലോചിച്ചുവോ ;

(ഡി) ഡിലിമിറേഷൻ കമ്മിറ്റിക്കു ഗവണ്മെന്റിൽനിന്നു വല്ല നിർദ്ദേശവും കൊടുത്തിരുന്നോ ?

ഈ ചോദ്യത്തിന്റെ എ–ബി ഭാഗങ്ങൾക്കു് മുമ്പു് ഉത്തരം പറഞ്ഞിട്ടുണ്ടു്. സി–ഡി ഭാഗങ്ങൾക്കു് ഉത്തരം കിട്ടിയാൽമതി.

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): (സി) അത്യാവശ്യമെന്നതോന്നിയ ചില വ്യത്യാസങ്ങൾ വരുത്തി. അസംബ്ലിയിൽ ഇതിനെപ്പറ്റി വാദപ്രതിവാദങ്ങൾ നടത്തിയിട്ടുണ്ടു്.

(ഡി) ഇലക്ഷൻ കമ്മീഷൻ അയച്ചുതന്ന നിർദ്ദേശങ്ങൾ കമ്മിറ്റിക്കു കൊടുത്തിട്ടുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : പാർലമെന്ററി കമ്മിറ്റിയുടെ റിപ്പോർട്ടു് ഗവണ്മെന്റു് പരിശോധിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : അതു ഇലക്ഷൻ കമ്മിറ്റിയാണു് പരിശോധിക്കുന്നതു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഗവണ്മെന്റിന്റെ അഭിപ്രായം അറിയാതെയാണോ ഇലക്ഷൻ കമ്മീഷൻ ഡിലിമിറേഷൻ അവസാനമായി തീരുമാനിച്ചതു് ?

ശ്രീ. എ. ജെ. ജോൺ : ഡിലിമിറേഷൻ സംബന്ധിച്ചു് ഇലക്ഷൻ കമ്മീഷനു് പൂർണ്ണമായ അധികാരമുണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഇലക്ഷൻ കമ്മീഷന്റെ അംഗങ്ങളും ആരെല്ലാമാണെന്നു പറയാമോ ?

ശ്രീ. എ. ജെ. ജോൺ : തിരു–കൊച്ചിയിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള പാർലമെന്റു് മെമ്പറന്മാരിൽ ചിലർ.

ശ്രീ. എ. കെ. പാച്ചുപിള്ള : ഈ അസംബ്ലിയിലെ പ്രതിപക്ഷത്തിന്റെ അഭിപ്രായംകൂടി ഇലക്ഷൻ കമ്മീഷനു് അയച്ചുകൊടുത്തിട്ടുള്ള നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : ഈ അസംബ്ലി അവസാനമായി അംഗീകരിച്ച നിർദ്ദേശങ്ങളും അയച്ചുകൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly